**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096** **18-03-2022 - ൽ മറുപടിയ്ക്ക്**

**തൃക്കുന്നപ്പുഴയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഫിഷ്‌ലാന്റിംഗ് സെന്റർ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (എ) | നബാർഡ് RIDF - 15 പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപക്ക് തൃക്കുന്നപ്പുഴയിൽ ഫിഷ് ലാന്റിംഗ് സെന്ററിന് ഭരണാനുമതി നൽകുകയും ലേലഹാൾ, കോൾഡ് സ്റ്റോറേജ് എന്നിവ 19-03-2013 ൽ പൂർത്തിയാക്കി 2018 ൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിരുന്നു., ലേല ഹാളിലേയ്ക്കും കോൾഡ് സ്റ്റോറേജിലേക്കും ഇലക്ട്രിക് കണക്ഷൻ പഞ്ചായത്തിന്റെ പേരിൽ എടുത്തു നൽകി പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ടോയ്‌ലറ്റ് ബ്ലോക്ക്, ഇന്റേണൽ റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റമതിൽ എന്നിവയുടെ നിർമ്മാണം സ്ഥലം ലഭ്യമാകാഞ്ഞതു മൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തിയാക്കിയ പ്രവൃത്തികൾക്കുവേണ്ടി മൊത്തം 37.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതിനാവശ്യമായ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മാതൃകാ പഠനം നടത്തുന്നതിന് CWPRS, പൂനയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. CWPRS മുഖേന മോഡൽ സ്റ്റഡി പൂർത്തിയാക്കുകയും പഞ്ചായത്ത് സ്ഥലം ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ